6. സമഗ്ര കടിവെള്ള പദ്ധതി

ശ്രീ. റ്റി. വി. രാജേഷ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ഒരു പഞ്ചായത്താണ് മാടായി പഞ്ചായത്ത്. അതിന്റെ രണ്ട് ഭാഗം പുഴയും ഒരു ഭാഗം കടലുമാണ്. ഇവിടെ ഭൂരിഭാഗം സ്ഥലങ്ങളിലും വെള്ളത്തിന്റെ ലവണസാന്ദ്രത കൂടുതലായതിനാൽ കിണർ വെള്ളം ഉപയോഗ ശൂന്യമാണ്. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഒരു മേഖല കൂടിയാണിത്. ജപ്പാൻ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ട്. അതിൽ മാടായി പഞ്ചായത്തിനും വെള്ളം കൊടുക്കാം എന്നൊരു പ്രൊവിഷനുണ്ട്. മാത്രമല്ല, ഈ പഞ്ചായത്തിന് തൊട്ടടുത്തുള്ള ഏഴോം, മാട്ടൂൽ പഞ്ചായത്തുകൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് 586 ലക്ഷം രൂപയുടെ പ്രോജക്ട് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്ന് വെള്ളം ലഭ്യമാക്കി ഈ പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വതപരിഹാരം കാണുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്കായി 5.86 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ എത്രയും വേഗം സമർപ്പിക്കുന്നതാണ്.

7. കരുനാഗപ്പള്ളി സർക്കാർ ആർട്സ് കോളേജിന്റെ പ്രവർത്തനം

ശ്രീ. സി. ദിവാകരൻ: സർ, സർക്കാർ മേഖലയിൽ കോളേജ് ആരംഭിക്കുമെന്ന നിയമസഭയിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളിയിലും കോളേജ് അനുവദിച്ചു. അടിസ്ഥാന സൗകര്യങ്ങളെല്ലാം ഒരുക്കിവച്ച്, ഫണ്ടും മാറ്റിവച്ച് ഒരു വർഷമായി കാത്തിരിക്കുന്നെങ്കിലും ഇതുസംബന്ധിച്ച് യാതൊരു നടപടിയും ഉണ്ടായിട്ടില്ല. എത്രയും പെട്ടെന്ന് ഇതിന്റെ പ്രവർത്തനം ആരംഭിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 2013-14-ലെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ സർക്കാർ/എയ്ഡഡ് കോളേജ് ഇല്ലാത്തതും സ്ഥലം ലഭ്യമാകുന്നതുമായ എല്ലാ നിയോജകമണ്ഡലങ്ങളിലും ആർട്സ് ആന്റ്

LIBRARY ARCHIVES Kerala Legislative Assembly